(ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്ത് ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിൽ കെ.എസ്.എഫ്.ഇ.-യുടെ ശാഖ തുടങ്ങുന്നതിനു വേണ്ടി സർക്കാരിന്റെ അനുമതി ആവശ്യപ്പെട്ട് പഞ്ചായത്ത് ഭരണസമിതി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) കേരള പഞ്ചായത്ത് രാജ് ആക്ട് (വസസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടത്തിന് ഇളവ് നൽകിക്കൊണ്ട് മണലൂർ ഗ്രാമപഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകണമെന്ന പഞ്ചായത്ത് ഭരണസമിതിയുടെ 14-6-2010-ലെ അഭ്യർത്ഥന അനുവദിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടായിരുന്നു. എന്നാൽ പഞ്ചായത്ത് ഭരണസമിതി പ്രസ്തുത ആവശ്യം ഉന്നയിച്ച് 22-12-2010-ൽ വീണ്ടും സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

രാജീവ് ഗാന്ധി ഭവനനിർമ്മാണ പദ്ധതി

145 (T1615) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അനിൽ കുമാർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ഗാന്ധി ഭവനനിർമ്മാണ പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്ത് വീടുകൾ നിർമ്മിച്ചുകൊടുക്കുവാൻ ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്രകോടി രൂപ കേന്ദ്രസഹായമായി ലഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഇക്കാലയളവിൽ എത്ര വീടുകളുടെ നിർമ്മാണം നടത്തുകയുണ്ടായിയെന്ന് അറിയിക്കാമോ ;

(സി) ഈ സാമ്പത്തികവർഷം അവസാനിക്കുമ്പോൾ ഈ പദ്ധതിയിൻ കീഴിൽ എത്ര വീടുകൾ കൂടി പൂർത്തിയാക്കാനാകും എന്നാണ് കണക്കാക്കുന്നത് ?

ഉത്തരം

(എ) രാജീവ് ഗാന്ധി ഭവനനിർമ്മാണ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം നടത്തുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള 526.62 ലക്ഷം രൂപയിൽ 263.31 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(ബി&സി) പ്രോജക്ട് റിപ്പോർട്ടുകൾ രൂപീകരണഘട്ടത്തിലാണ്.

T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly